10. ഡയറിയിങ്ങ് (മിൽക്ക് പ്രോഡക്ട്സ്)

11. ഓഫീസ് സെക്രട്ടറിഷിപ്പ്.

12. സിവിൽ കൺസ്ട്രക്ഷൻ ആന്റ് മെയിന്റനൻസ്.

(സി) ശേഷിക്കുന്ന കോഴ്സുകൾക്കുകൂടി പി.എസ്.സി. അംഗീകാരം ലഭിക്കുന്നതിനായി നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

മാവൂർ ജി.എച്ച്.എസ്. സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം

54 [2271] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.എസ്.എ. ഫണ്ട് ഉപയോഗിച്ച് കെട്ടിടമുണ്ടാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് പി.ടി.എ.-യുടെ ഹർജി സർക്കാരിന് ലഭിച്ചിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) മൂന്ന് ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചു. 20-9-2004-ൽ ഒന്നാമത്തെ ഗഡുവും 18-2-2005-ൽ രണ്ടാമത്തെ ഗഡുവും അനുവദിച്ചു.

(സി) 2004 സെപ്റ്റംബറിൽത്തന്നെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ് അസിസ്റ്റന്റ് നിയമനം

55 [2272] ശ്രീമതി ഗിരിജാസുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്രപേരെ വീതം ലാബ് അസിസ്റ്റന്റുമാരായി നിയമിക്കാമെന്നാണ് സർക്കാരിന്റെ തീരുമാനം;

(ബി) ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂളിൽ എത്ര പേർക്ക് ലാബ് അസിസ്റ്റന്റ് നിയമനം നൽകുകയുണ്ടായി; പ്രസ്തുത സ്കൂളിൽ ഇനി എത്ര പേർക്കുകൂടി നിയമനം നൽകാനാകും; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly